**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4760** **20-07-2022 - ൽ മറുപടിയ്ക്ക്**

**ദേശീയപാത 744-ന്റെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ദേശീയപാത 744-ൽ കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ നാലുവരിപ്പാതയാക്കുന്നതിനുള്ള കിഫ്ബി പദ്ധതിയുടെ ഡിസൈൻ നടപടികൾ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ പദ്ധതി രൂപീകരണ പുരോഗതി വിശദമാക്കാമോ; | (എ) | സ.ഉ. (സാധാ)നം.480/2020/പൊ.മ.വ. തീയതി: 27/05/2020 പ്രകാരം ദേശീയപാത 744 ൽ കൊല്ലം - തിരുമംഗലം ദേശീയപാതയിൽ ഗതാഗതകുരുക്കുള്ള കോയിക്കൽ ജംഗ്ഷൻ മുതൽ കരിക്കോട് ജംഗ്ഷൻ വരെ 3 കി.മീ. നാലുവരിപ്പാത ആക്കുന്നതിനും കുണ്ടറ പള്ളിമുക്ക് ജംഗ്ഷനിൽ ഫ്ലൈഓവറും റെയിൽവേ മേൽപ്പാലവും നിർമ്മിക്കുന്നതിനും വേണ്ടി കിഫ്ബിയിൽ ഉൾപ്പെടുത്തി 447.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ.ഉ.(സാധാ)നം. 531/2020/ പൊ.മ.വ. തീയതി: 17/06/2020 പ്രകാരം ദേശീയ പാത വിഭാഗം ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തോട് കൂടി പ്രസ്തുത പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള റോഡ് ഫണ്ട് ബോർഡിനെ നിയമിച്ചു . ദേശീയ പാത വിഭാഗത്തിന്റെ കീഴിൽ ഇൻവെസ്റ്റിഗേഷൻ നടപടികൾ ഭാഗികമായി നടത്തിയിരുന്നു. കോയിക്കൽ -കരിക്കോട് ഭാഗത്തിന്റെ അലൈൻമെന്റ് ഡിസൈൻ വിഭാഗം തയ്യാറാക്കിയിരുന്നു.<br><br>എന്നാൽ 2022-23-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടിട്ടുള്ള “Development of Thiruvananthapuram – Angamali MC Road & Kollam Chengotta Road” എന്ന പദ്ധതിയിൽ ഈ പ്രവർത്തിയിലെ കോയിക്കൽ മുതൽ കരിക്കോട് വരെയുള്ള ഭാഗം ഉൾപ്പെട്ടു വരുമെന്നതിനാൽ, പ്രസ്തുത റോഡുമായി ബന്ധപ്പെട്ട് ദേശീയ പാത വിഭാഗത്തിൽനിന്നും നടത്തിയിട്ടുള്ള ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് കെ.ആർ.എഫ്.ബി -പി.എം.യു ശേഖരിച്ച് പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് കൈമാറിയിട്ടുണ്ട്. ഡിസൈൻ നടപടികൾ പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത അലൈൻമെന്റിൽ എത്ര പാലങ്ങളുടെ വികസനമാണ് ഉദ്ദേശിച്ചിട്ടുള്ളത്; ഇതിനായി ഡിസൈൻ തയ്യാറാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ? | (ബി) | ടി പദ്ധതിയുടെ ഭാഗമായ കോയിക്കൽ കരിക്കോട് റീച്ചിൽ കിളികൊല്ലൂർ, കരിക്കോട് എന്നിവിടങ്ങളിൽ രണ്ട് RoB-യും കോയിക്കൽ പാലവും ആണുള്ളത്. |

സെക്ഷൻ ഓഫീസർ